(ഇ) ഈ സർക്കാറിന്റെ കാലത്ത് വിജിലൻസ് അന്വേഷണത്തെ തുടർന്ന് സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ എത്ര ; കേസ് അന്വേഷണം പൂർത്തിയാക്കുന്നതിന് മുൻപായി ഇവരിൽ എത്രപേരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു ?

ഉത്തരം

(എ) 615

(ബി) ഒന്ന്. ശ്രീ. അടൂർ പ്രകാശ്, റവന്യൂവും കയറും വകുപ്പുമന്ത്രിക്കെതിരെ വിജിലൻസ് കേസ് നിലവിലുണ്ട്. വിജിലൻസ് അന്വേഷണം നേരിടുന്ന മന്ത്രിമാർ ആരുമില്ല.

(സി) അന്വേഷണം നേരിടുന്ന ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ - 14
മറ്റ് ഉദ്യോഗസ്ഥർ - 1337

(ഡി) അനുബന്ധമായി ചേർക്കുന്നു.*

(ഇ) സസ്പെൻഡ് ചെയ്യപ്പെട്ടവർ - 253

അന്വേഷണം പൂർത്തിയാക്കുന്നതിന് മുമ്പായി സർവ്വീസിൽ തിരികെ പ്രവേശിച്ചവർ - 203

ബാർ കോഴ കേസ്

294 (304) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. അജിത് :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉന്നയിക്കപ്പെട്ട ബാർ കോഴ കേസ്സിൽ ഉൾപ്പെട്ടിട്ടുള്ളവർ എത്ര പേർ ; അവർ ആരെല്ലാം ;

(ബി) ഇതിൽ ആരുടെയെല്ലാം പേരിൽ വിജിലൻസ് ദ്രുതപരിശോധനയിലൂടെ പ്രാഥമികാന്വേഷണം നടത്തി ; ആരുടെയെല്ലാം പേരിൽ പ്രാഥമികാന്വേഷണം മാത്രം നടത്തി ;

(സി) ദ്രുത പരിശോധനാ റിപ്പോർട്ടിന്മേലും പ്രാഥമികാന്വേഷണ റിപ്പോർട്ടിന്മേലും നിയമോപദേശം തേടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിയമോപദേശം തേടിയിട്ടുള്ളതും അല്ലാത്തതുമായ റിപ്പോർട്ടുകളുടെ വിശദാംശം ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിയമോപദേശം തേടിയ റിപ്പോർട്ടുകളിന്മേലും അല്ലാത്തവയിലും വിജിലൻസ് സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം; എത്ര കേസ്സുകൾ അവസാനിച്ചിച്ചു; അവ ഏതെല്ലാം ?

ഉത്തരം

(എ) പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ മുൻ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെ ഒരു വിജിലൻസ് കേസ് നിലവിലുണ്ട്. (വി.സി.06/2014/എസ്.ഐ.യു I)

(ബി) ബാർ കോഴ ആരോപണം സംബന്ധിച്ച് എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിനെതിരെ പ്രാഥമികാന്വേഷണം നടത്തിയിരുന്നു. എന്നാൽ മുൻ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെ നടത്തിയ സത്വരാന്വേഷണത്തിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് കേസ് (വി.സി. 06/2014/ എസ്.ഐ.യു I) നിലവിലുള്ളത്. സത്വരാന്വേഷണത്തിലും പ്രാഥമിക അന്വേഷണത്തിലും അന്വേഷണരീതി ഒന്നു തന്നെയാണ്. പേരിന്റെ വ്യത്യാസം മാത്രമേയുള്ളൂ.

(സി&ഡി) മുൻ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെ നടത്തിയ സത്വരാന്വേഷണത്തിൽ (കൃ.വി. 14/2014/എസ്.ആർ.റ്റി.) അന്വേഷണ ഉദ്യോഗസ്ഥൻ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിനായി ശുപാർശ ചെയ്തിരുന്നതിനാൽ നിയമോപദേശം തേടിയിരുന്നു. ഇതിൻ പ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും മതിയായ തെളിവില്ലാത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ അനന്തര നടപടികൾ അവസാനിപ്പിക്കാനായുള്ള അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതി അംഗീകരിക്കാതെ തുടരന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തു. ശ്രീ. കെ. ബാബുവിനെതിരെ ബാർകോഴ ആരോപണം സംബന്ധിച്ച് പ്രാഥമിക അന്വേഷണം നടത്തിയതിൽ തെളിവില്ലാത്തതിനാൽ മേൽ നടപടികൾ സ്വീകരിക്കേണ്ട ആവശ്യമില്ല എന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ നിയമോപദേശം എടുത്തിരുന്നില്ല. അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ശരി വച്ചു.

ബാർ കോഴ കേസിലെ വിധി

295 (305) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ കോഴയുമായി ബന്ധപ്പെട്ട തിരുവനന്തപുരത്തെ വിജിലൻസ് സ്പെഷ്യൽ കോടതി വിധി പ്രസ്താവം എന്തായിരുന്നു; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly